**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1167** **30-08-2022 - ൽ മറുപടിയ്ക്ക്**

**വെള്ളറട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പാറശാല ഫയർഫോഴ്സ് കെട്ടിട നിർമ്മാണ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വെള്ളറട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പാറശാല ഫയർഫോഴ്സ് എന്നീ സ്ഥാപനങ്ങൾക്കായുള്ള കെട്ടിട നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | വെള്ളറട കമ്മ്യൂണിറ്റി സെന്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് മാതൃവകുപ്പിൽ നിന്നും പ്രസ്തുത പ്രവൃത്തിക്കായുള്ള സ്ഥലം ലഭ്യമാക്കിയിട്ടില്ല.<br><br>പാറശ്ശാലാ അഗ്നിരക്ഷാനിലയത്തിനായി കെട്ടിടം നിർമ്മിക്കുന്നതിന് ലഭ്യമായ പാറശ്ശാല വില്ലേജിൽ ബ്ലോക്ക് നം.50-ൽ റീസർവ്വേ നമ്പർ.165/12-ൽ ഉൾപ്പെട്ട 21.5 സെന്റ് സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനായി മണ്ണ് പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങൾക്കായുള്ള പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ആർക്കിടെക്ചർ ഡ്രോയിങ്, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; പുതിയ കെട്ടിട നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | പാറശ്ശാല ഫയർഫോഴ്സ് കെട്ടിടത്തിന്റെ Architectural Drawing പൂർത്തീകരിച്ചിട്ടുണ്ട്. Structural Design ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. Structural Design തയ്യാറാക്കിയതിന് ശേഷം മാത്രമേ ടെണ്ടർ നടപടികളിലേക്ക് പോകുവാൻ സാധിക്കുകയുള്ളൂ. ഈ വർഷം അവസാനത്തോടുകൂടി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പാറശാല നിയോജകമണ്ഡലത്തിൽ കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭിച്ച അമരവിള-കാരക്കോണം, ചൂണ്ടിക്കൽ-ചുരവക്കാണി, കീഴാറ്റൂർ-പശുവണ്ണറ-തെള്ളുക്കുഴി റിംഗ് റോഡ്, കടുവീട്ടുകടവ് പാലം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (സി) | ചൂണ്ടിക്കൽ - ചുരവക്കാണി, കീഴാറ്റൂർ - പശുവണ്ണറ-തെള്ളുക്കുഴി റിംഗ് റോഡ് എന്നിവ FDR സാങ്കേതിക വിദ്യയിൽ നിർവഹിക്കുന്ന പദ്ധതികളിൽ ഉൾപ്പെടുത്തി സാങ്കേതിക അനുമതി നൽകിയ പദ്ധതികളാണ്.<br><br>പദ്ധതികൾ 19.04.2022-ൽ ടെണ്ടർ ചെയ്തുവെങ്കിലും, സിംഗിൾ ടെണ്ടർ ആയിരുന്നതിനാൽ 11.05.2022-ൽ വീണ്ടും ടെണ്ടർ ചെയ്തു. ടെണ്ടർ സാങ്കേതിക പരിശോധനയ്ക്ക് ശേഷം 04.08.2022 ലെ ടെണ്ടർ അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചു. എന്നാൽ സിംഗിൾ ടെണ്ടർ ആയത് കൊണ്ട് ഫിനാൻഷ്യൽ ബിഡിൽ മത്സരം |

| | | | |
|---|---|---|---|
| | | | നടന്നില്ലായെന്ന് വിലയിരുത്തിയ സാഹചര്യത്തിൽ, വീണ്ടും ടെണ്ടർ ചെയ്യാൻ കമ്മിറ്റി തീരുമാനമെടുത്തു. തുടർന്ന് 20.08.2022-ൽ പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്തു. 05.09.2022 ലാണ് ടെണ്ടർ സമർപ്പിക്കുവാനുള്ള അവസാന തീയതി. ടെണ്ടർ നടപടികൾ പൂർത്തിയാവുന്ന മുറയ്ക്ക് കരാർ ഉടമ്പടി വെച്ച് പ്രവൃത്തി നിർമ്മാണ ഘട്ടത്തിലേയ്ക്ക് കടക്കുന്നതാണ്.<br><br>അമരവിള - കാരക്കോണം റോഡിന് 05.08.2022 ന് സാങ്കേതിക അനുമതി നൽകി, 12.08.2022-ൽ ടെണ്ടർ ചെയ്തിട്ടുണ്ട്. 31.08.2022 ആണ് ടെണ്ടർ സമർപ്പിക്കുവാനുള്ള അവസാന തീയതി. ടെണ്ടർ നടപടികൾ പൂർത്തിയാവുന്ന മുറയ്ക്ക് കരാർ ഉടമ്പടി വെച്ച് പ്രവൃത്തി നിർമ്മാണ ഘട്ടത്തിലേയ്ക്ക് കടക്കുന്നതാണ്.<br><br>കുടിവീട്ടിൽ കടവ് പാലം നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാര തുകയായ 7.86 കോടിയുടെ ബിൽ 17.08.2022 ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട് പാലം പ്രവൃത്തിക്കായുള്ള എസ്റ്റിമേറ്റ് KRFB-PMU, തിരുവനന്തപുരം ഡിവിഷൻ തയ്യാറാക്കി വരുന്നു. സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കി സാങ്കേതിക അനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതികൾ ആരംഭിക്കുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നുള്ള വിശദാംശം അറിയിക്കാമോ; | (ഡി) | ചൂണ്ടിക്കൽ - ശൂരവക്കാണി, കീഴാറൂർ - പശുവണ്ണറ-തെള്ളുക്കുഴി റിംഗ് റോഡ് എന്നിവ FDR സാങ്കേതിക വിദ്യയിൽ നിർവഹിക്കുന്ന പദ്ധതികളിൽ ഉൾപ്പെടുത്തി സാങ്കേതിക അനുമതി നൽകിയ പദ്ധതികളാണ്.<br><br>പദ്ധതികൾ 19.04.2022-ൽ ടെണ്ടർ ചെയ്തുവെങ്കിലും, സിംഗിൾ ടെണ്ടർ ആയിരുന്നതിനാൽ 11.05.2022-ൽ വീണ്ടും ടെണ്ടർ ചെയ്തു. ടെണ്ടർ സാങ്കേതിക പരിശോധനയ്ക്ക് ശേഷം 04.08.2022 ലെ ടെണ്ടർ അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചു. എന്നാൽ സിംഗിൾ ടെണ്ടർ ആയത് കൊണ്ട് ഫിനാൻഷ്യൽ ബിഡിൽ മത്സരം നടന്നില്ലായെന്ന് വിലയിരുത്തിയ സാഹചര്യത്തിൽ, വീണ്ടും ടെണ്ടർ ചെയ്യാൻ കമ്മിറ്റി തീരുമാനമെടുത്തു. തുടർന്ന് 20.08.2022-ൽ പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്തു. 05.09.2022 ലാണ് ടെണ്ടർ സമർപ്പിക്കുവാനുള്ള അവസാന തീയതി. ടെണ്ടർ നടപടികൾ പൂർത്തിയാവുന്ന മുറയ്ക്ക് കരാർ ഉടമ്പടി വെച്ച് പ്രവൃത്തി നിർമ്മാണ ഘട്ടത്തിലേയ്ക്ക് കടക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | അമരവിള - കാരക്കോണം റോഡിന് 05.08.2022 ന് സാങ്കേതിക അനുമതി നൽകി, 12.08.2022-ൽ ടെണ്ടർ ചെയ്തിട്ടുണ്ട്. 31.08.2022 ആണ് ടെണ്ടർ സമർപ്പിക്കുവാനുള്ള അവസാന തീയതി. ടെണ്ടർ നടപടികൾ പൂർത്തിയാവുന്ന മുറയ്ക്ക് കരാർ ഉടമ്പടി വെച്ച് പ്രവൃത്തി നിർമ്മാണ ഘട്ടത്തിലേയ്ക്ക് കടക്കുന്നതാണ്.<br><br>കുടിവീട്ടിൽ കടവ് പാലം നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാര തുകയായ 7.86 കോടിയുടെ ബിൽ 17.08.2022 ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട് പാലം പ്രവൃത്തിക്കായുള്ള എസ്റ്റിമേറ്റ് KRFB-PMU, തിരുവനന്തപുരം ഡിവിഷൻ തയ്യാറാക്കി വരുന്നു. സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കി സാങ്കേതിക അനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഇ) | ചുണ്ടിക്കൽ - ശൂരവക്കാണി, കീഴാറൂർ - പശുവണ്ണറ-തെള്ളുക്കുഴി റിംഗ് റോഡ് എന്നിവ FDR സാങ്കേതിക വിദ്യയിൽ നിർവഹിക്കുന്ന പദ്ധതികളിൽ ഉൾപ്പെടുത്തി സാങ്കേതിക അനുമതി നൽകിയ പദ്ധതികളാണ്.<br><br>പദ്ധതികൾ 19.04.2022-ൽ ടെണ്ടർ ചെയ്തുവെങ്കിലും, സിംഗിൾ ടെണ്ടർ ആയിരുന്നതിനാൽ 11.05.2022-ൽ വീണ്ടും ടെണ്ടർ ചെയ്തു. ടെണ്ടർ സാങ്കേതിക പരിശോധനയ്ക്ക് ശേഷം 04.08.2022 ലെ ടെണ്ടർ അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചു. എന്നാൽ സിംഗിൾ ടെണ്ടർ ആയത് കൊണ്ട് ഫിനാൻഷ്യൽ ബിഡിൽ മത്സരം നടന്നില്ലായെന്ന് വിലയിരുത്തിയ സാഹചര്യത്തിൽ, വീണ്ടും ടെണ്ടർ ചെയ്യാൻ കമ്മിറ്റി തീരുമാനമെടുത്തു. തുടർന്ന് 20.08.2022-ൽ പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്തു. 05.09.2022 ലാണ് ടെണ്ടർ സമർപ്പിക്കുവാനുള്ള അവസാന തീയതി. ടെണ്ടർ നടപടികൾ പൂർത്തിയാവുന്ന മുറയ്ക്ക് കരാർ ഉടമ്പടി വെച്ച് പ്രവൃത്തി നിർമ്മാണ ഘട്ടത്തിലേയ്ക്ക് കടക്കുന്നതാണ്.<br><br>അമരവിള - കാരക്കോണം റോഡിന് 05.08.2022 ന് സാങ്കേതിക അനുമതി നൽകി, 12.08.2022-ൽ ടെണ്ടർ ചെയ്തിട്ടുണ്ട്. 31.08.2022 ആണ് ടെണ്ടർ സമർപ്പിക്കുവാനുള്ള അവസാന തീയതി. ടെണ്ടർ നടപടികൾ പൂർത്തിയാവുന്ന മുറയ്ക്ക് കരാർ ഉടമ്പടി വെച്ച് പ്രവൃത്തി നിർമ്മാണ ഘട്ടത്തിലേയ്ക്ക് കടക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | കുടിവീട്ടിൽ കടവ് പാലം നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാര തുകയായ 7.86 കോടിയുടെ ബിൽ 17.08.2022 ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട് പാലം പ്രവൃത്തിക്കായുള്ള എസ്റ്റിമേറ്റ് KRFB-PMU, തിരുവനന്തപുരം ഡിവിഷൻ തയ്യാറാക്കി വരുന്നു. സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കി സാങ്കേതിക അനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ